(ജി) പവർ ഹൗസിന്റെ കോൺട്രാക്ടർക്ക് ഇതുവരെ എന്തു തുക നൽകിയിട്ടുണ്ട് ; ഇനി പണം കൊടുക്കാനുണ്ടോ ; ഏതെങ്കിലും ഘട്ടത്തിൽ കരാർ തുകയോ ധാരണകളോ പുതുക്കി നൽകിയിട്ടുണ്ടോ ; ഇതു സംബന്ധിച്ച് സ്വീകരിച്ച അടിയന്തിര നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(എച്ച്) പ്രസ്തുത വർക്ക് ഗുണനിലവാരം ഉള്ളതാണോയെന്ന് പരിശോധിക്കുമോ ; പ്രസ്തുത വർക്ക് സംബന്ധിച്ച് അന്വേഷണം നടത്തുമോ ?

ഉത്തരം

(എ) ഇല്ല. 15 മെഗാവാട്ട് സ്ഥാപിതശേഷി കണക്കാക്കിയിട്ടുള്ളതും ഏകദേശം 49.8 മില്യൻ യൂണിറ്റ് വൈദ്യുതി പ്രതിവർഷം ഉൽപ്പാദിപ്പിക്കുവാനും എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള കീഴാർകുത്ത് ചെറുകിട ജലവൈദ്യുത പദ്ധതിയുടെ പ്രാഥമിക അന്വേഷണ റിപ്പോർട്ട് (പി.ഐ.ആർ.) മാത്രമേ തയ്യാറാക്കിയിട്ടുള്ളൂ.

(ബി) വിശദമായ അന്വേഷണ റിപ്പോർട്ട് തയ്യാറാക്കികഴിഞ്ഞാലേ വർക്ക് എന്ന് തുടങ്ങാമെന്ന് നിശ്ചയിക്കാൻ പറ്റുകയുള്ളൂ.

(സി) ഈവർഷം അവസാനത്തോടുകൂടി പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പ്രസ്തുത പണിയുടെ കരാറുകാരൻ ശ്രീ. ജയ്സൻ വർഗ്ഗീസ്, മാനേജിംഗ് പാർട്ണർ, വെസ്റ്റ്കോസ്റ്റ് കോൺക്രീറ്റ്പ്രോഡക്ട്, അങ്കമാലി സൗത്ത് ആണ്.

(ഡി) 16-12-2001.

(ഇ) പണി പൂർത്തിയാക്കാൻ കഴിയാത്തതിന്റെ ഉത്തരവാദിത്വം പൂർണ്ണമായും കോൺട്രാക്ടർക്ക് ആണ്.

(എഫ്) കരാർപ്രകാരം പണി പൂർത്തിയാക്കേണ്ടിയിരുന്ന കാലാവധി 16-12-2001 ആയിരുന്നു. എന്നാൽ ഈ കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാൻ കോൺട്രാക്ടർക്ക് സാധിക്കാത്തതിനാൽ 16-12-2002 വരെയും വീണ്ടും 30-5-2003 വരെയും കരാർ കാലാവധി നീട്ടികൊടുത്തു. എന്നാൽ ഈ കാലാവധിക്കുള്ളിലും പണി പൂർത്തിയാക്കാൻ കോൺട്രാക്ടർക്ക് കഴിഞ്ഞിട്ടില്ല. അതിനാൽ 6-6-2003-ൽ കോൺട്രാക്ടർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. ഇതിന് കോൺട്രാക്ടറുടെ മറുപടി ലഭിച്ചിട്ടില്ല.

(ജി) ഇതുവരെ നൽകിയിട്ടുള്ള തുക 2,04,41,578 രൂപയാണ്. ഹാജരാക്കിയ ബില്ലുകൾക്ക് പണം നൽകിയിട്ടുണ്ട്. കരാർ തുക പുതുക്കി നൽകിയിട്ടില്ല. എന്നാൽ പണി പൂർത്തിയാക്കേണ്ട കാലാവധി 30-5-2003 വരെ നീട്ടിക്കൊടുത്തിട്ടുണ്ട്.

(എച്ച്) ഗുണനിലവാരം അപ്പപ്പോൾ ഉറപ്പുവരുത്താറുണ്ട്.

ആലപ്പുഴ ജില്ലയിലെ മസ്ദൂർ തസ്തികയിലെ ഒഴിവുകൾ

15 (1684) ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ മസ്ദൂർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്താണിതിന് കാരണം ;

(ഡി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനു നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 196 ഒഴിവുകൾ ഉണ്ട്.

(ബി) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി&ഡി) പ്രസക്തമല്ല.

വൈദ്യുതി കണക്ഷന് അപേക്ഷ നൽകിയ പദ്ധതികൾ

16 (1686) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ത്രിതല പഞ്ചായത്തുകൾ മുഖേന വൈദ്യുതി കണക്ഷന് അപേക്ഷ നൽകി പണമടച്ച എത്ര പദ്ധതികൾ ഉണ്ട് ;

(ബി) അവയുടെ പഞ്ചായത്ത് തിരിച്ചുള്ള ലിസ്റ്റും ഓരോ പദ്ധതിയും അടച്ച തുകയുടെ വിവരവും വിശദമാക്കാമോ ;

(സി) ഈ പദ്ധതികൾക്ക് മുൻഗണനാ ക്രമത്തിൽ അടിയന്തിരമായി വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 62 പദ്ധതികൾ ഉണ്ട്.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സാധനസാമഗ്രികളുടെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ മേൽപ്പറഞ്ഞ പദ്ധതികൾ ചെയ്തുതീർക്കുന്നതാണ്.

നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിന് ഉണ്ടായിട്ടുള്ള കാലതാമസം

17 (1687) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലം ഉൾപ്പെടുന്ന വിവിധ വൈദ്യുത സെക്ഷൻ ഓഫീസുകളുടെ പരിധിയിൽ ഏത് തീയതിവരെ സീനിയോറിറ്റി ഉള്ള ഗാർഹിക ഉപഭോക്താക്കൾക്കാണ് വൈദ്യുതി കണക്ഷൻ നൽകുവാനുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly